നം: എ-6107/18

ജില്ലാ സാമൂഹ്യനീതി ഓഫീസ്,
സിവിൽ സ്റ്റേഷൻ, പാലക്കാട്,
തീയതി : 13/11/2018
ഇ-മെയിൽ - dswopkdswd@gmail.com
ഫോൺ:- 0491-2505791.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ സാമൂഹ്യനീതി ഓഫീസ്
പാലക്കാട്.

Office of The District Social Justice Officer
Palakkad
678 001
Civil Station

ശ്രീ. സുരേഷ്.ഡി,
S/o.ദണ്ഡപാണി,
പാവോടിപറമ്പിൽ(ഹൗസ്),
ശ്രീകുറുമ്പ്ക്കാവ് റോഡ്,
തത്തമംഗലം,പാലക്കാട്-678102

സർ,

വിഷയം:- ജില്ലാ സാമൂഹ്യനീതി ഓഫീസ്, പാലക്കാട്, - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 16/10/2018 തീയതിയായ വിവരാവകാശ അപേക്ഷ

-----

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. താങ്കളുടെ സൂചന പ്രകാരമുള്ള വിവരാവകാശ അപേക്ഷയിലെ ചോദ്യങ്ങൾക്കുള്ള മറുപടി താഴെ കൊടുക്കുന്നു.

ചോദ്യ നമ്പർ:1) സാമൂഹ്യ നീതി വകുപ്പിനു കീഴിൽ പാലക്കാട് ജില്ലയിൽ ഈ കാര്യാലയമുൾപ്പെടെ മൂന്ന് ഓഫീസുകളാണുള്ളത്. അവ
1) ജില്ലാ സാമൂഹ്യ നീതി ഓഫീസ്,സിവിൽസ്റ്റേഷൻ,പാലക്കാട്,
2)ജില്ലാ പ്രൊബേഷൻ ഓഫീസ്, സിവിൽസ്റ്റേഷൻ,പാലക്കാട്,
3)ഗവ.വികലാംഗ വൃദ്ധസദനം, കൊടുവായൂർ എന്നിവയാണ്.

ചോദ്യ നമ്പർ:2) മേൽ പറഞ്ഞിട്ടുള്ള മൂന്ന് ഓഫീസുകളിലുമായി 5 ക്ലർക്ക് തസ്തികയാണ് നിലവിലുള്ളത്. അവ
1) ജില്ലാ സാമൂഹ്യ നീതി ഓഫീസ്, പാലക്കാട്, - 4 എണ്ണം
2) ജില്ലാ പ്രൊബേഷൻ ഓഫീസ്, പാലക്കാട്,- ഒരെണ്ണം

ചോദ്യ നമ്പർ:3) മേൽ പറഞ്ഞിട്ടുള്ള മൂന്ന് ഓഫീസുകളിലുമായി 5 ക്ലർക്ക് തസ്തികയിൽ 4 സ്ഥിരം ജീവനക്കാരാണുള്ളത്.

i)ശ്രീ. പ്രദീപ്.എം, സീനിയർ ക്ലാർക്ക്, ജില്ലാ സാമൂഹ്യ നീതി ഓഫീസ്, പാലക്കാട്. – 12-12-2014 മുതൽ തുടരുന്നു.

ii)ശ്രീമതി. സവിത.പി.എസ്, സീനിയർ ക്ലാർക്ക്, ജില്ലാ സാമൂഹ്യ നീതി ഓഫീസ്, പാലക്കാട്. – 21/2/2017 മുതൽ തുടരുന്നു.

iii)ശ്രീ. ദിനേഷ്.ബി, സീനിയർ ക്ലാർക്ക്, ജില്ലാ സാമൂഹ്യ നീതി ഓഫീസ്, പാലക്കാട്. – 28-1-2016 മുതൽ തുടരുന്നു

iv)ശ്രീ. രമണൻ.കെ, ക്ലാർക്ക്, ജില്ലാ പ്രൊബേഷൻ ഓഫീസ്, പാലക്കാട്. – 22-2-2017 മുതൽ തുടരുന്നു.

ചോദ്യ നമ്പർ4:) മേൽ പറഞ്ഞിട്ടുള്ള മൂന്ന് ഓഫീസുകളിലും താൽക്കാലിക ജീവനക്കാരില്ല.

ചോദ്യ നമ്പർ5:) ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ ഉണ്ടായിരുന്ന സീനിയർ ക്ലർക്കിന് 19/09/18 തീയതിയി ഹെഡ് ക്ലർക്കായി പ്രൊമോഷൻ ലഭിച്ച് ജില്ല മാറി സ്ഥലമാറ്റം ലഭിച്ചതിനാൽ ഒരു ക്ലർക്ക് തസ്തിക ഒഴിവ് ഉണ്ട്. ടിയാളെ വിടുതൽ ചെയ്ത വിവരം 19/09/18 തീയതിയിലെ എ-3300/17 നമ്പർ കത്ത് മുഖേന സാമൂഹ്യ നീതി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. മേൽ കത്തിന്റെ പകർപ്പ് ലഭിക്കുന്നതിന് 0070 - 60 - 118 -99 RTI എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 2 രൂപ ചലാൻ അടച്ചതിന്റെ അസ്സൽ ചലാൻ ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

എൻ.ജെ.ഡി. ഒഴിവുകളില്ല.

ചോദ്യ നമ്പർ6:) ആശ്രിത നിയമനം സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നത് സാമൂഹ്യനീതി ഡയറക്ടറേറ്റ് ആയതിനാൽ വിവരങ്ങൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ബന്ധപ്പെടാവുന്നതാണ്.

ചോദ്യ നമ്പർ7:) മേൽ പറഞ്ഞിട്ടുള്ള ഓഫീസുകളിൽ നിന്ന് 02/04/18 തീയതി മുതൽ ആരും വിരമിച്ചിട്ടില്ല.

എ) 31/03/2021 വരെ മേൽ പറഞ്ഞിട്ടുള്ള കാര്യാലയങ്ങളിൽ നിന്ന് ആരും വിരമിക്കുന്നില്ല.

ചോദ്യ നമ്പർ8:) മേൽ പറഞ്ഞിട്ടുള്ള ഓഫീസുകളിൽ നിന്ന് 02/04/18 തീയതി മുതൽ എൽ.ഡി. ക്ലർക്ക് തസ്തികയിൽ നിന്നും ആർക്കും സ്ഥാനക്കയറ്റം ലഭിച്ചിട്ടില്ല.

എ) 31/03/2021 തീയതിവരെ സ്ഥാനക്കയറ്റം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ബി) 19/09/18 തീയതിയിൽ ജില്ലാ സാമൂഹ്യ നീതി ഓഫീസിലെ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ.എം.വി. വിജയന് ഹെഡ് ക്ലർക്കായി പ്രൊമോഷൻ ലഭിച്ച് കോഴിക്കോട് ജില്ലയിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

ചോദ്യ നമ്പർ9:) മേൽ പറഞ്ഞിട്ടുള്ള ഓഫീസുകളിൽ ഡെപ്യൂട്ടേഷൻ നിയമനങ്ങളില്ല.

ചോദ്യ നമ്പർ10:) മേൽ പറഞ്ഞിട്ടുള്ള ഓഫീസുകളിൽ വരുന്ന പ്രതീക്ഷിത ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ചോദ്യ നമ്പർ11:) മേൽ പറഞ്ഞിട്ടുള്ള ഓഫീസുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയില്ല.

ചോദ്യ നമ്പർ12:) ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച നടപടികൾ എടുക്കുന്നത് സാമൂഹ്യനീതി ഡയറക്ടറേറ്റ് ആയതിനാൽ വിവരങ്ങൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ബന്ധപ്പെടാവുന്നതാണ്.

മേൽ മറുപടിയിൽ ആക്ഷേപം ഉള്ള പക്ഷം അപ്പീൽ അധികാരിയായ മേഖലാ അസിസ്റ്റന്റ് ഡയറക്ടർ സാമൂഹ്യനീതി വകുപ്പ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട് - ന് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

13.11.18

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ

ജില്ലാ സാമൂഹ്യനീതി ഓഫീസ്